ts

**D1BML2201 (A3)** **(2 Pages)** **Reg. No:.....................**

**Name: .......................**

**FIRST SEMESTER BCA / B.Sc. (C.S.) DEGREE EXAMINATION NOVEMBER 2022**

**(Regular/Improvement/Supplementary)**

**COMMON COURSE IN MALAYALAM**

**GMAL1A03T: ഭാഷയും സാഹിത്യവും I**

**Time: 2 ½ Hours.** **Maximum Marks: 80**

**ഭാഗം I: 1 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.**

1. "കണ്ടൽ പൊക്കുടൻ മലയാളികളുടെ പാരിസ്ഥിതികബോധത്തെ മാറ്റിമറിക്കുന്നതെങ്ങനെ ?
2. "നമുക്ക് എന്നാണ് ഇതൊക്കെ ബോധ്യപ്പെടുക" - ഏതൊക്കെ ?
3. "ജീവിക്കലിന്റെ അന്ത്യം അതിജീവനത്തിന്റെ തുടക്കം"- ആരുടെ വാക്കുകളാണിത് ?
4. "കുപ്പമ്മ" - കഥാപാത്ര നിരൂപണം തയ്യാറാക്കുക.
5. "ഏത് നിമിഷവും ലോലയുടെ മുഖാവരണം തകരുമെന്നും അവൾ പൊട്ടിക്കരയുമെന്നും ഞാൻ ഭയപ്പെട്ടു" .സന്ദർഭം വിശദമാക്കുക
6. ഏതെങ്കിലും രണ്ട് ആഫ്രിക്കൻ ഭാഷകളുടെ പേരെഴുതുക.
7. "ലോല" എന്ന കഥയിൽ പ്രണയം അസാധ്യമാക്കുന്ന അതിർത്തികൾ എന്തെല്ലാം ?
8. കാപ്പിരികളുടെ നാട്ടിൽനിന്ന് എസ്.കെ ആദ്യം കാണുന്ന നീഗ്രോയെ പരിചയപ്പെടുത്തുക.
9. ആദ്യമായി വിക്ടോറിയ വെള്ളച്ചാട്ടം കണ്ടതിനെക്കുറിച്ച് ഡേവിഡ് ലിവിംഗ്സ്റ്റൺ പറഞ്ഞതെന്ത് ?
10. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ആഫ്രിക്കയിലെ ഇന്ത്യക്കാർക്ക് നൽകിയ സന്ദേശമെന്ത് ?
11. "വേണ്ടാം കടി; മുത്തച്ഛന്റെ വേണ്ടാം കടി" - സന്ദർഭമെഴുതുക.
12. "കൊല്ലേണ്ടതെങ്ങനെ? ചിരിച്ച മുഖത്തുനോക്കി"- അമ്മ ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?
13. "അത് കരയുമ്പോൾ ഞെട്ടിത്തരിക്കുന്ന സിംഹാസനം.

    അതിനെ ഞെരിക്കാൻ ദൂതരുണർന്നിരിപ്പൂ..." - സന്ദർഭമെഴുതുക
14. "ഇഷ്ടകർമ്മങ്ങളിൽ പൂത്തുലയുന്ന

    വ്യർത്ഥഭാരങ്ങളിൽ വീർപ്പുമുട്ടുന്ന

    പലേപാസിലുള്ള ഫോട്ടോകൾ

    വേണം സർ " - സാരസ്യം എഴുതുക.
15. "ദേഹം പതുക്കെ രിപുവായൊരു ഭാരമായി". ആർക്ക് ? വിശദമാക്കുക.

**(തുടർച്ച....2)**

**ഭാഗം II: 16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.**

16. കണ്ടൽ കൃഷിയുടെ രണ്ടാംഘട്ടത്തെക്കുറിച്ച് പൊക്കുടൻ വിവരിക്കുന്നതെങ്ങനെ ?

17. ജീവന്റെ വല നെയ്തത് മനുഷ്യനല്ല. അവനതിൽ ഒരു ഇഴ മാത്രമാണ്. സൂചിതം വ്യക്തമാക്കുക.

18. "സംസ്കാരസമ്പന്നരെന്ന് നടിക്കുന്നവരിൽ പലരും കാപട്യം ഉള്ളിൽ സൂക്ഷിക്കുന്നവരാണെന്ന്" അഷിത ചൂണ്ടിക്കാണിക്കുന്നതെങ്ങനെ ?

19. "ഈ ഒരാഴ്ച എന്റേതാണ്. എനിക്കിഷ്ടം പോലെ ഞാനത് ചിലവഴിക്കും." ആരുടെ വാക്കുകൾ ? വിശദമാക്കുക.

20. തുറമുഖ പട്ടണമായ "ബൈറ" യെ പരിചയപ്പെടുത്തുക.

21. വെള്ളക്കാരന്റെ സകല ഭള്ളും വർണ്ണ ഭേദത്തിന്റെ പേരിൽ പൊട്ടിത്തെറിക്കുന്ന നാടാണത്. ഏത് നാട് ? വിശദമാക്കുക.

22. "മിഴികളിൽ നിന്നും മായ്ച്ച
മഷിയിൽ നിന്നൊരു ശ്യാമ
വിമുക്തി വിഗ്രഹമുയി -
രെടുക്കുവോളം". ആശയം വിശദമാക്കുക.

23. "നിന്നച്ഛനന്നു മനമേറെ മടുത്തുമാറീ
നിന്നമ്മ തന്നൊഴിവിലന്യ വസിപ്പപോലും". ആശയം വിശദമാക്കുക.

**ഭാഗം III: 24 മുതൽ 27 വരെയുള്ള ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഓരോന്നിനും 10 മാർക്ക് വീതം.**

24. "യഥാർത്ഥത്തിൽ കല എന്നത് മനുഷ്യമനസ്സിൽ ഉൾച്ചേർന്നിരിക്കുന്ന ഏകശക്തിയാണ് അതിന്റെ ആവിഷ്കാരത്തിലുള്ള വൈവിധ്യമാണ് അതിനെ വ്യത്യസ്തമാക്കുന്നത്". സമർത്ഥിക്കുക

25. സ്നേഹ ശൂന്യതയും സ്ത്രീ വിരുദ്ധതയും ഒട്ടും മാർദ്ദവമില്ലാത്ത കോവിലൻ ഭാഷ "വേണ്ടാം കടി"യിൽ ആവിഷ്കരിച്ചിരിക്കുന്നു. സമർത്ഥിക്കുക.

26. ഭാഷകൊണ്ടും അവതരണ ശൈലികൊണ്ടും വേറിട്ടുനിൽക്കുന്ന യാത്രാവിവരണമാണ് "കാപ്പിരികളുടെ നാട്ടിൽ" - സമർത്ഥിക്കുക.

27. ആദർശങ്ങൾ നൂറു ശതമാനം പ്രായോഗികമാവുകയില്ല. ആകയാൽ പിന്നെ അവ ആദർശങ്ങൾ അല്ലാതായിതീരുന്നു. "ബുദ്ധനും ഞാനും നരിയും" എന്ന കവിതയെ അടിസ്ഥാനമാക്കി ഉപന്യസിക്കുക.

**(2 x 10 = 20 മാർക്ക് )**